**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 688** **28-01-2026 - ൽ മറുപടിയ്ക്ക്**

**ഞാറയ്ക്കൽ സബ് സ്റ്റേഷന്റെ ശേഷി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | വൈപ്പിൻ മണ്ഡലത്തിൽ ചെറായി - ഞാറയ്ക്കൽ 110 കെ.വി. ഡി.സി. ലൈൻ നിർമ്മാണ പ്രവൃത്തിക്കും ഞാറയ്ക്കലുള്ള 66 കെ.വി. സബ് സ്റ്റേഷന്റെ ശേഷി 110 കെ.വി. ആയി വർദ്ധിപ്പിക്കുന്ന പ്രവൃത്തിക്കും ഭരണാനുമതി നൽകിയതെന്നാണെന്നും ഭരണാനുമതി തുക എത്രയാണെന്നും വിശദമാക്കാമോ; പ്രസ്തുത ഭരണാനുമതിയുടെ പകർപ്പ് ലഭ്യമാക്കാമോ; | (എ) | വൈപ്പിൻ മണ്ഡലത്തിൽ ചെറായി - ഞാറയ്ക്കൽ 110 കെ.വി. ഡി.സി. ലൈൻ നിർമ്മാണ പ്രവൃത്തിക്കും ഞാറയ്ക്കൽ സബ്സ്റ്റേഷന്റെ ശേഷി 66 kV യിൽ നിന്നും 110 kV നിലവാരത്തിലേക്ക് ഉയർത്തുന്ന പ്രവൃത്തിക്കും കൂടി 18.02.2020- ൽ 24 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതി പുരോഗമിക്കവെ, ദർഘാസ് നടപടികളിൽ ഉൾപ്പെടാത്തതും എന്നാൽ അടിയന്തിരമായി നിർവഹിക്കേണ്ടതുമായ അധിക പ്രവൃത്തികൾ ഉൾപ്പെടുത്തേണ്ടി വന്നതിനാലും, ദർഘാസ് പ്രകാരം കണക്കാക്കിയ അളവിൽ നിന്നും അധികരിച്ച് ചെയ്യേണ്ടി വന്നതിനാലും, Delhi Schedule of Rates (DSR) ൽ വന്ന പരിഷ്കാരങ്ങൾ മൂലവും ഭരണാനുമതി പുതുക്കേണ്ടതായുണ്ട്. പുതുക്കിയ ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ കെ എസ് ഇ ബി എൽ സ്വീകരിച്ചു വരുന്നു. |
| (ബി) | ഞാറയ്ക്കൽ 66 കെ.വി. സബ് സ്റ്റേഷന്റെ ശേഷി 110 കെ.വി. ആയി ഉയർത്തുന്ന പ്രവൃത്തിയുടെ കരാർ ഏറ്റെടുത്തിട്ടുള്ളതാരാണെന്നും പ്രസ്തുത പ്രവൃത്തിയുടെ കരാർ കാലാവധി എന്നു വരെയാണെന്നും പ്രസ്തുത പ്രവൃത്തി എന്നത്തേക്ക് ആരംഭിക്കാൻ സാധിക്കുമെന്നും വ്യക്തമാക്കാമോ? | (ബി) | ഭൂമിശാസ്ത്രപരമായ വെല്ലുവിളികൾ നിറഞ്ഞ പ്രദേശത്തു കൂടിയാണ് ചെറായി - ഞാറയ്ക്കൽ പ്രസരണ ലൈൻ നിർമ്മാണം നടക്കുന്നത്. ഈ ലൈനിന്റെ ഭൂരിഭാഗ ടവർ ലൊക്കേഷനുകളും ചെമ്മീൻ കെട്ടുകളിലൂടെയാണ് കടന്നുപോകുന്നത് എന്നതിനാൽ വർഷത്തിൽ 5 മാസം മാത്രമേ പ്രവൃത്തികൾ നടത്തുവാൻ സാധിക്കുകയുള്ളൂ. കൂടാതെ കടലിനോട് അടുത്തുള്ള സ്ഥലം ആയതിനാൽ വേലിയേറ്റം മൂലമുള്ള ബുദ്ധിമുട്ടുകളും ടവർ ഫൗണ്ടേഷൻ നിർമ്മാണത്തിന് തടസ്സമായുണ്ട്.<br><br>നിലവിൽ ഞാറയ്ക്കൽ സബ്സ്റ്റേഷൻ 66 kV നിലവാരത്തിൽ പ്രവർത്തിച്ച് കൊണ്ടിരിക്കുകയാണ്. ലൈൻ നിർമ്മാണ പുരോഗതിക്കനുസരിച്ച് മാത്രമേ ഈ 66 kV സബ്സ്റ്റേഷന്റെ ശേഷി 110 kV യിലേക്ക് വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായുള്ള ടെൻഡർ |

| | | | |
|---|---|---|---|
| | | | നടപടികൾ സ്വീകരിക്കാൻ സാധിക്കുകയുള്ളൂ എന്ന് കെ എസ് ഇ ബി എൽ അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ